LIBRARY ARCHIVES Kerala Legislative Assembly

അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരണം

*16 [499] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഈ കമ്മിറ്റി രൂപീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) കാലതാമസം ഒഴിവാക്കി അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ, ബി) രൂപീകരിച്ചിട്ടില്ല. 2002-ലെ കയറ്റിറക്ക് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കൂലി നിരക്കുകൾ നിശ്ചയിക്കുന്നതിന് ജില്ലാതല ഉപദേശക സമിതികൾ രൂപീകരിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) ഈ ഉപദേശക സമിതിയിൽ അംഗങ്ങളാകേണ്ട ട്രേഡ് യൂണിയൻ പ്രതിനിധികളുടെ നാമനിർദ്ദേശം കഴിഞ്ഞാൽ സമിതി രൂപീകരിക്കാവുന്നതാണ്.

(ഡി) ട്രേഡ് യൂണിയൻ പ്രതിനിധികളുമായി കൂടുതൽ ബന്ധപ്പെട്ട കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികൾ

1 [2610] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം ടെക്നോപാർക്കിൽ എത്ര കമ്പനികൾ ഉണ്ടായിട്ടുണ്ട്; ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ടെക്നോപാർക്കിലെ കമ്പനികളിൽ തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കാത്തതും ആനുകൂല്യങ്ങൾ, ശമ്പളം എന്നിവ കൃത്യമായി നൽകാത്തതുമായ കമ്പനികൾ ഏതെല്ലാം;

(സി) ഇവയെ നിയന്ത്രിക്കാനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;